



## ടി .എം .വി .എച്ച്.എസ് . എസ് .സ്കൂൾ
## പെരുമ്പിലാവ്

ഇതൾ

# മികവിന്റെ പാതയിൽ മുന്നോട്ട് .....



## ടി .എം .വി .എച്ച് . എസ് .എസ് പെരുമ്പിലാവ്

## ഇതൾ

കാലത്തിന്റെയും ദേശത്തിന്റെയും മാറി വരുന്ന അഭിരുചികൾക്കും അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത് . ഓരോ കാലവും വിദ്യാർത്ഥിയിൽ നിന്നാവിശ്യപ്പെടുന്ന കഴിവുകൾ വിത്യസ്തമാണ്. കഴിഞ്ഞ തലമുറക്ക് കംമ്പ്യൂട്ടർ പരിജ്ഞാനം ആവിശ്യമായിരുന്നില്ല . പുതിയ തലമുറയിലെ കംമ്പ്യൂട്ടർ അറിയാത്തവർ നിര ക്ഷരരായാണ് പരിഗണിക്കപ്പെടുന്നത് . ചുരുക്കത്തിൽ വിദ്യാഭ്യാസം തടാകം പോലെ നിശ്ചലമായി നില കൊള്ളാതെ പുഴ പോലെ നിരന്തരം ഒഴുകേണ്ടതാണ് .

കല്ലുകളിൽ കൊത്തി വച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തി നിൽക്കുന്നത് എഴുത്താണിയുടെ സ്ഥാനം കീ ബോർഡ് കയ്യടക്കി കഴിഞ്ഞു . മഷിയുടെ സ്ഥാനം ഇ – മഷിയും

തന്റെ കാതത്തെ അറിയാൻ തന്റെ ചുറ്റുപാടിനെ മനസ്സിലാക്കാൻ , ഈ മണ്ണിനേയും അതിലെ മനുഷ്യരെയും നമ്നയിലേക്കു നയിക്കാൻ സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ സാധിക്കട്ടെ എന്ന് പ്രത്യാശിച്ചു കൊണ്ട് ......................

എഡിറ്റർ

# താളുകളിലൂടെ...


- ചില നിമിഷങ്ങളിലൂടെ.........
- സന്ദേശം
- അമ്മ
- വിദ്യാലയ മുറ്റത്തെ തണൽ മരം
- പച്ച തത്തകൾ
- കാലം തന്ന മറുപടികൾ
- ലാപ് ടോപ്പ്
- DEW DROPS
- DREAMS
- പൂജ്യ ഹരണം
- ഗണിത ശാസ്ത്രം ജ്യോതിഷത്തിൽ
- CINQUAIN POEMS
- ROLE OF GANDHIJI
- പുഴയും ഞാനും

# ചില നിമിഷങ്ങളിലൂടെ














# ഇതൾ


നവോദയ
ഗണിത ശാസ്ത്ര മേളയിൽ
തൃശൂർ ജില്ലയിൽ ഒന്നാം സ്ഥാനവും ,
സംസ്ഥാന തലത്തിൽ B ഗ്രേഡും നേടിയ
അനൽകൃഷ്ണ ക്ക്
അഭിനന്ദനങ്ങൾ











# സന്ദേശം

സാങ്കേതിക വിദ്യയുടെ പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുന്ന-തിനായി കുട്ടികളുടെ ഐ .ടി ക്കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പെരുമ്പിലാവ് ടി .എം.വി.എച്ച്.എസ്.എസ് ഹൈസ്കൂളിലും നടപ്പിലാവുന്നു . ഈ പദ്ധതിയുടെ സംരഭമായ ഈ മാഗസിൻ നിർമിച്ച പ്രസിദ്ധീകരിക്കുന്നതി ൽ അതിയായ സന്തോശം അറിയിക്കുന്നു . മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും ,മറ്റു കുട്ടികൾക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ . അന്യൂനത ഒട്ടും അവകാശപ്പെടുന്നില്ല . ന്യൂനത ഒട്ടേറെയായിരുന്നെങ്കിലും പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട് .സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തല മുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിച്ചു കൊണ്ട് ,

ഒപ്പ്

(എച്ച് .എം )

ഇതൾ

# അമ്മ

ആദ്യമായ് അറിവിന്റെ ആദ്യാക്ഷരം തന്ന -

വാത്സല്യ നിധിയാണെന്റെമ്മ...




കാരുണ്യമെല്ലാം ഹൃദയം
നിറഞ്ഞുള്ള

സ്നേഹക്കടലാണെന്റെമ്മ....

(ആദ്യമായ് )

എന്റെ കുഞ്ഞു നാവിൽ
നിന്നാദ്യമായ്

ഉരുവിട്ട മധുരമാം ശബ്ദമാണെന്റെയമ്മ

(ആദ്യമായ് )

ജീവിത യാത്രയിൽ

ചാരത്തു നിൽക്കുന്ന

സ്നേഹ വിളക്കാണെന്റെയമ്മ...

ഫാത്തിമ സന എൻ.എസ്

# വിദ്യാലയ മുറ്റത്തെ തണൽ മരം

മാമ്പൂ പൊഴിയുന്ന നേരത്തു ഞാനെത്തി,
തണൽ തന്ന മാവിൻ ചുവട്ടിൽ
വിദ്യതൻ അമൃതിന്റെ
മധുരം നകർന്നവർ
ഒരുമിച്ച മാമ്പഴച്ചോട്ടിൽ
അക്ഷര മുറ്റത്തെ തണൽ
തന്ന വൃക്ഷത്തെ
കൊതിയോടെ
ഞാനൊന്ന് നോക്കി.
മധുരം വിളമ്പിയ മാവിൻ
ചുവട്ടിലായ്
ഒരുപാട്ട പൂക്കൾ
കൊഴിഞ്ഞു നില്പ്പൂ...



ഫാത്തിമ സന എൻ.എസ്

# പച്ച തത്തകൾ



പച്ച മരക്കൊമ്പിന് പത്ത് പച്ച -

തത്ത വന്നിരുന്നു

പച്ച മരക്കൊമ്പില് അഞ്ച് പച്ച -

തത്ത

വീണ്ടും വന്നിരുന്നു

പച്ച മരക്കൊമ്പില് ഏഴ് പച്ച -

തത്ത വീണ്ടും വന്നിരുന്നു

അതിൽ നിന്നും അഞ്ചു തത്ത -

പറന്നു പോയി

പച്ച മരക്കൊമ്പില് മൂന്ന് പച്ച തത്ത -

വീണ്ടും വന്നിരുന്നു

പറയൂ ബാക്കിയെത്ര തത്തയുണ്ട് ?

**Reshma T R**

**ഉത്തരം : 20 തത്തകൾ**

# കാലം തന്ന മറുപടികൾ

കാലം തരുന്ന മറുപടികളാണ് നാം പ്രകൃതിയോട്

ചെയ്യുന്ന ക്രൂരതയുടെ ഉത്തരം. ഇന്ന് നാം ഏറെ

ഭീതിയോടെ കണ്ട വാർത്തയാണ് കേരളത്തെ

നടുക്കിയ പ്രളയം. മഴ

കെട്ടിയിറങ്ങു ന്നതു

പോലെയാണ് കേരളം

മഴയിൽ ഒലിച്ചു



പോയത്. പ്രളയത്തിനു മുമ്പ് കേരളം

കണ്ടവരാരായിരു ന്നാലും ഇപ്പോൾ തലയിൽ കൈ

വെച്ചു പോകുന്ന അവസ്ഥ യാണ്.

പ്രകതിയാൽ ഏരെ അനുഗ്രഹിതമായ നാടാണ്

കേരളം.ദൈവത്തിന്റെ സ്വന്തം നാടാണെന്ന് നമ്മൾ

അഹങ്കാരത്തോടെ അഭിമാനത്തോടെ പറയുന്ന

കേരളം ഒരുപാട്

വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന

സംസ്ഥാനമാണ് കേരളം.

പ്രകൃതിയുടെഅനുഗ്രഹമാണ് വിനോദ സഞ്ചാരികളെ

നമ്മുടെ നാട്ടിലെലേക്കു ആകർശിക്കുന്നതിനുള്ള

ഇതൾ

പ്രധാന കാരണം.കണ്ടാൽ ആരും പ്രണയിച്ചു പോകുന്ന സൗന്ദര്യമാണ് കേരളത്തിലെ പ്രകൃതിയുടേത്. എന്തിനേയും അമിതമായി ചൂഷണം ചെയ്യുന്ന സ്വഭാവമാണ് മലയാളിയുടേത്. കേരളത്തിൽ വിനോദ സഞ്ചാരം വളരെ യധികം വർധിച്ചു വന്നിരുന്ന കാലയളവാണ് പ്രളയത്തിനു മുമ്പുള്ളേത് എന്നാൽ ആ വിനോദ സഞ്ചാരത്തെ കൂടുതൽ ഊഷ്മളമാക്കേണ്ടതിന് മനുഷ്യൻ വിക സനം എന്ന ആശയം മുന്പോട്ടു കൊണ്ടുവന്നു. വികസനം കാരണം വിനോദ സഞ്ചാര മേഘലയിൽ ലാഭമുണ്ടായെങ്കിൽ അതിൽ പ്രകൃതിയേറെ ചൂഷണം ചെയ്യപ്പെട്ടു. ലാഭത്തിനു വേണ്ടി വിനോദ സഞ്ചാര മേഘലയിൽ മനുഷ്യൻ നടത്തിയ വികസ നമായിരുന്നു,പ്രളയത്തെ തുടർന്നുള്ള ദുരന്തത്തിനൊരു കാരണം.

വികസനം എന്നു പറയുന്നത് വിനോദ സഞ്ചെര മേഘല കളിൽ മാത്രമല്ല,



## ഇതൾ

പ്രകൃതിയോടിണങ്ങിക്കിടക്കുന്ന മേഖലകളിലും മനുഷ്യൻ വികസനമെന്ന പേരിൽ കൈയ്യേറ്റങ്ങൾ നടത്തിയിട്ടു - ണ്ട് . പ്രളയത്തിനു മുമ്പുള്ള കാലഘട്ടങ്ങളിൽ നാം കേട്ട വാർത്ത കളിൽ ഒന്നായിരുന്നു കുന്നിടിച്ചിൽ . പാടം നികത്തി വൻ കിട വ്യാപാര കേന്ദ്രങ്ങളും കെട്ടിടങ്ങളും പണിതുയർത്തുന്നതും . കുന്നടിച്ചു കൊണ്ട് .............എന്നാൽ സർക്കാർ ക്വാറികൾക്ക് അനുമതി നൽകുമ്പോൾ പരിസ്ഥിതിയിൽ സംഭവിക്കാമാകുന്ന ഭവിഷത്തുകളെ കുറിച്ചന്വേഷിച്ചിരുന്നില്ല. ഉരുളുപൊട്ടുന്നതിനു പ്രധാന കാരണം കുന്നിടിച്ചിലും ക്വാറികളുടെ പ്രവർത്തനവുമാണ്. കുന്നിടിച്ചിലൂടെ മേൽ മണ്ണ് നഷ്ടപ്പെടുകയും മഴപെയ്യുമ്പോൾ ഉറഞ്ഞുകിടക്കാത്ത ഈമണ്ണ് മലയുടെ മുകളിൽ നിന്നും താഴോട്ടിറങ്ങി വരുന്നു. വന നഷീകരണവും ഉരുൾ പൊട്ടലിന്റെ ആഘാതം വർദ്ധിപ്പിക്കുന്നു. ഈ പ്രളയത്തിലൂടെ കേരളത്തിനു വന്ന നഷ്ടം ചെറുതല്ല. ജി.എസ്.ടി എന്ന നികുതി സമ്പ്രദായം

ഇതൾ

കേരളത്തിലെ എന്നല്ല , ഇന്ത്യയുടെ സാമ്പത്തീക മൂല്യത്തെ തകർക്കുന്നതായിരുന്നു.

2017 ഡിസംബറിൽ വന്ന നോട്ടു മാറ്റവും കേരളത്തെ തകർത്തിരിന്നു. സാമ്പത്തികമായി തളർന്ന ഇന്ത്യയും കേരളവും ദുരന്തത്തിൽ നിന്നും കരകേറി വരുന്ന സമയത്താണ് പ്രളയത്തിനു മുമ്പുള്ള സൂചനയെന്ന പോലെ ഓഖി കേരളത്തിലെ ചില ജില്ലുകളെ തുടച്ചു മാറ്റിയത്. ഓഖി ദുരന്തം കേരളത്തെ നടുക്കിയ ആദ്യ പ്രകൃതി ദുരന്തം അതിൽ നിന്നും നാം കര കയറി . കേരളത്തിനു സാമ്പ ത്തിക നഷ്ടമുണ്ടായെങ്കിലും കേന്ദ്ര സഹായ ത്തോടു കൂടി സാമ്പത്തീക തളർച്ചയെ നാം നേരിടുമ്പോഴാണ് രണ്ടായിരം കോടി നഷ്ടവും മുന്നൂറിലധികം പേരുടെ ജീവനും പ്രളയം എടുത്തു കൊണ്ടു പോയത് . കടൽക്ഷോഭം രൂക്ഷമാവുകയും ആകാശം കറുത്തിരുളുകയും അഭ്രർവ്വ



പ്രതിഭാസമുണ്ടാവുകയും ചെയ്തു . മൂത്തവർ ചൊല്ലും മുതു

## ഇതൾ

നെല്ലിക്ക എന്ന ചൊല്ല് നമുക്കെല്ലാം

പരിചിതമാണല്ലോ . നമ്മുടെ ഗുരു കാർന്നവർ

പ്രകൃതിയെ അങ്ങിനെയിങ്ങനെ ചെയ്യരുത് എന്ന്

പറയുമ്പോൾ നമ്മൾ അത് പുച്ഛിച്ച് തള്ളുകയാണ്

പതിവ്. പല രാജ്യങ്ങളിലും അയൽ

സംസ്ഥാനങ്ങളിലും ഓരോ ദുരന്തങ്ങൾഉണ്ടാകുമ്പോഴും

നമുക്ക് വരില്ല , നമുക്ക് വരില്ല

എന്നവിശ്വാസമായിരുന്നു . ആവിശ്വാസം

പ്രളയത്തോടെയല്ല , ഓഖിയോടു കൂടി തന്നെ

മാറിക്കിട്ടി . അതു കൊണ്ടു തന്നെ ജനങ്ങൾ

മുന്നറിയിപ്പുകൾ അവഗണിക്കാതെ അനുസരിച്ചു

തുടങ്ങി. അതു കൊണ്ടും ദുരന്ത നിവാരണ സേനയുടെ

കഴിവും ഈശ്വരന്റെ കൃപ കൊണ്ടുമായിരിക്കാം ഈ

പ്രളയം ഇതിലധികം ജീവനുകളെ കൊണ്ടു

പോകാതിരുന്നത് . മുമ്പുണ്ടായിരുന്ന കേരളത്തെ

സ്നേഹിക്കാ നും പ്രണയി ക്കാനും ഒരു ഇമ്പമുണ്ടാ

യിരുന്നു . എന്നാൽ കേരളം എന്ന് കേൾക്കു മ്പോൾ

നെഞ്ചി ടിപ്പോ ടെയാണ് ചുറ്റുമു ള്ളവർ നോക്കിക്കാണു


ന്നത് . നമ്മൾ വെറുതെയിരിക്കുന്ന ഒരു നായയെ കല്ലെടുത്തെറിഞ്ഞാൽ ഓടും എന്നാൽ എന്നും ആനായയെ ഉപദ്രവിച്ചാൽ നമ്മളായാലും തിരിച്ച പ്രതികരിക്കും . അതു തന്നെയാണ് ഇന്നു കാണുന്ന കേരളത്തിനുണ്ടായത് . പ്രകൃതിയോടു നമ്മൾ ചെയ്യുന്ന അതിക്രമങ്ങൾ ദ്രോഹങ്ങൾ എന്നിവയ്ക്കുള്ള മറു പടിയാണ് ഈ പ്രളയം . ഒരുപാട് പേർ ഇപ്പോഴും ജീവിതത്തിലേക്ക് കരകയറിയിട്ടില്ല. വീടു മാത്രമല്ല സ്വന്തം കുടുംബാംഗങ്ങളെ പോലെ കരുതുന്ന വീട്ടു മൃഗങ്ങൾ കൺ മുമ്പിൽ ചത്തു കിടക്കുന്നതു കണ്ട് മനം പൊട്ടിക്കരഞ്ഞ ഒരുപാടു മുഖങ്ങൾ നമ്മുടെ മനസ്സിലുണ്ട് . പ്രളയത്തിനു മുമ്പ് സന്തോശ പൂർവ്വം കഴിഞ്ഞിരുന്ന കേരള ത്തിലെ പ്രിയ ജനങ്ങൾ ഇന്ന് എന്താണ് പ്രകൃതി ദുരന്ത മെന്ന് നേരിട്ടറിഞ്ഞിരിക്കുന്ന വേദനയെന്താണെന്ന് തിരിച്ചറിഞ്ഞിരിക്കുന്നു . കാലം പ്രകൃതിയോടു ചെയ്യുന്ന ഓരോ ക്രൂരതകൾക്കും മറു പടിനൽകുമെന്ന് ഒരു മഹാപ്രളയം ഓർമ്മിപ്പിച്ചിരിക്കുകയാണ്.

Manu T R

ഇതൾ

# ലാപ് ടോപ്പ്

അച്ഛന്റെ വീട്ടിൽ നിന്ന് വന്നതിന് ശേഷം അമ്മു കുട്ടി പതിവിലും മൗനിയ്യി കാണപ്പെട്ടു . സ്കൂളുള്ള ദിവസമാണ് . പുലരിയിൽ കിടയ്ക്ക വിട്ട് എണീക്കാനൊരു മടി . യൂണീഫോം എടുത്തുവെക്കണം .



ടൈടേബിൾനോക്കണം .മായ ടീച്ചറുടെ ക്ലാസിലെ ചോദ്യോ - ത്തരങ്ങൾ ഒന്നു കുടി നോക്കണം . ഒരുപാട് പണിയുണ്ട് ........ അടുക്കളയിൽ നിന്ന് അമ്മയുടെ ശബ്ദം ഉയരാൻ

ഞങ്ങൾ

തുടങ്ങിയിട്ടുണ്ട് . അടുത്തത് ചൂരൽ പ്രയോഗമാണ് .
ഈശ്വരാ ചാടിയെണീറ്റ് ബ്രഷുമായി
കണ്ണാടിക്കരികിലെത്തി മുഖം നോക്കിയപ്പോൾ
മനസ്സിൽ ഇന്നലത്തെ ചിത്രങ്ങൾ തെളിഞ്ഞു . വാസു
വല്യച്ഛൻ അമേരിക്കയിൽ നിന്ന് വന്നതു കൊണ്ടാണ്
അമ്മയും , അച്ഛനും , അമ്മു കുട്ടി അച്ഛന്റെ
വീട്ടിലെത്തിയത് . അച്ഛന്റെ അനിയത്തിമാരായ
വാസന്തിയും കോമളവും രണ്ടു ദിവസം മുമ്പേ അവിടെ
എത്തിയിട്ടുണ്ട് . കുട്ടേട്ടൻ വരുന്നുണ്ടെന്ന വാർത്ത
കേട്ടതും വാസന്തി മാമിയുടെ മക്കളായ കിച്ചിയും ,
സച്ചിയും കോമള മാമിയുടെ മക്കളായ മക്കുവും ,
സുക്കുവും അവർക്ക് മാത്രമേ മാമനുള്ളു എന്ന മട്ടിൽ
നടപ്പാണ് . അച്ഛനും അവരുടെ മാമനാണ് . പക്ഷേ
അമേരിക്കൻമാമനു മുമ്പിൽ നാട്ടിലെ മാമൻ
ഒന്നുമല്ലെന്ന അഹങ്കാരമാണ് പിള്ളേർക്ക് . അവസരം
കിട്ടുമ്പോൾ അമ്മു കുട്ടിക്കു നേരെ അതു
പ്രയോഗിക്കാറുണ്ട് അവർ . പാവം അമ്മു കുട്ടി .
ഒറ്റമകനായ അവൾ അവർക്കിടയിൽ മിക്കവാറും
ഒറ്റപ്പെടാറുണ്ട് . അച്ഛനോട് പരാതി പറയാൻ

ചെല്ലുമ്പോൾ ആശ്വസിപ്പിക്കും . സാരമില്ല മോളൂ വല്യച്ഛൻ വരുമ്പോൾ നിനക്കും എന്തെങ്കിലും കൊണ്ടു വരും . ആശ്വാസത്തോടെ അച്ഛന്റെ വീട്ടിലെത്തിയതും വല്യച്ഛൻ കൗണ്ടു വന്ന വലിയ ബാഗുകൾ തുറക്കുന്ന കാഴ്ചയാണ് കണ്ടത് . മാമിമാരുടെ മൂത്ത മക്കൾക്ക് വല്യച്ഛൻ സമ്മാനിച്ചത് വില കൂടിയ ലാപ്പ്ടോപ്പുകളായിരുന്നു . അമ്മുക്കുട്ടിക്കും സമപ്രായക്കാരായ മറ്റു രണ്ടു പേർക്കും റിമോട്ടിൽ പറക്കുന്ന വിമാനവും , ഡിജിറ്റൽ ഡിക്ഷണറികളും , പസിലും മറ്റു അല്ലറ ചില്ലറ സമ്മാനങ്ങളും . വീട്ടിൽ കംബ്യൂട്ടറും മറ്റുമുള്ള അവർക്ക് ,ലാപ്പ്ടോപ്പ് ,തികച്ചും അധികമാണെന്ന് അമ്മു കുട്ടിക്കു തോന്നി . തന്റെ വീട്ടിൽ കംബ്യൂട്ടറില്ല .

ഏഴാം ക്ലാസിലായ തനിക്കും ഒരു കംപ്യൂട്ടർവേണമെന്ന ആവശ്യം പല പ്രാവിശ്യമായി അച്ഛനോട് പറയാൻ തുടങ്ങിയിട്ട് . ഒരു രക്ഷയുമില്ല .ഇതെല്ലാം ആലോചിച്ചിട്ട് അവൾക്ക് കരച്ചിൽ വന്നു . ഷീല ടീച്ചറുടെ ക്ലാസിൽ പ്രൊജക്ടിന്റെ വിഷയങ്ങൾ കണ്ടെത്താൻ എളുപ്പമല്ല . ഇന്റെർനെറ്റിന്റെ

ഞതൾ

സഹായത്തോടെയാ ണ് ചിലകുട്ടികളും അവയെല്ലാം എഴുതി തയ്യാറാക്കുന്നത് . പക്ഷെ എന്തു ചെയ്യാൻ അപ്പുകുട്ടന് അതിന് ഭാഗ്യമില്ല . വാസന്തിമാമി ഫോൺ ചെയ്യുമ്പോൾ അവളുടെ പ്ലസ്ടു കാരിയായ കിച്ചി മോൾ ലാപ്പ്ടോപ്പുമായി ബെഡ്റൂമിൽ ഒറ്റയി രിപ്പാണെന്ന വീമ്പു പറച്ചിൽ കേട്ട് അപ്പുവിന് മടുപ്പ് തോന്നി. കോമള മാമിക്കാവട്ടെ പ്ലസ് വൺ കാരനായ മക്കുമോൻ എപ്പോഴും ചാറ്റിങ്ങിലാണെന്ന് പറയുമ്പോഴെ രോമാഞ്ചമാണ് . ദിവസങ്ങൾ ഒന്നൊന്നായി കഴിയുക യായിരുന്നു . ഓണ പരീക്ഷയും ക്രിസ്മസ് പരീക്ഷയും വിജയക രമായി കഴിഞ്ഞപ്പോൾ അമ്മു കുട്ടി ക്ലാസിൽ ഒന്നാമതായി . കമ്പ്യൂട്ടറും , ലാപ്പ്ടോപ്പും , ഇന്റെർനെറ്റും ഒന്നുമില്ലാതെ അമ്മയുടെ ശിക്ഷണത്തിൽ ചിട്ടയോടെ പടിച്ച് ക്ലാസിൽ ഒന്നാം റാങ്ക് നേടിസ്കൂളിന്റെ അഭിമാനമായി . ഈയിടെയായി മാമിമാർവിളിക്കാറില്ലല്ലോ എന്ന് അമ്മയോട് അമ്മുകുട്ടി ചോദിച്ച പ്പോഴാണ് അമ്മയും ശ്രദ്ധിച്ചത് . വാസന്തിമാമി പരിഭ്രമിച്ച് വീട്ടു മുറ്റത്ത് വന്നിറങ്ങിയപ്പോഴാണ് സംഭവത്തിന്റെ ഗൗരവം

ഇതൾ

എല്ലാവർക്കും പിടി കിട്ടിയത് . അച്ഛനോട് സങ്കടത്തോടെ സംസാരിക്കുകയും എങ്ങലടിക്കുകയും ചെയ്യുന്നതിനിടയിലാണ് കിച്ചി മോൾ നാടു വിട്ടു പോയ വിശേഷം മനസ്സിലാകുന്നത് .

ആ ലാപ്പോപ്പ് എല്ലാത്തിനും കാരണമെന്ന് ശപിക്കുന്നത് കേട്ടപ്പോൾ ആശ്വസിപ്പിക്കാൻ വന്ന കോമള മാമിയും അതിനെ പിന്താങ്ങുന്നത് കണ്ടു . മക്കു മോൻ അഞ്ചു വിഷയങ്ങളിൽ തോറ്റ പോയതെന്ന വിഷമം കൊണ്ട് ലാപ്പോപ്പിനെ മാത്രമല്ല ,അത് കൊടുത്ത മാമനെ വരെ അവർപ്രാകിക്കൊണ്ടിരുന്നു .എല്ലാം കേട്ട് നിഷബ്ദനായിരിക്കുന്ന അച്ഛനും അമ്മയും അമ്മുക്കുട്ടിയും ലാപ്പോപ്പ് തരാത്ത അമേരിക്കൻ വല്യച്ഛന് മനസ്സാ നന്ദി പറഞ്ഞു.

# DEW DROPS



The little drops
Slipped on the earth
Sun disappeared and
Clouds appeared
Plants are dancing
Flowers are smiling
Then they are become
happy

Rain is gift of God
Rain is the bless of earth
When they appeared
Flowers are happy
When they disappeared
Flowers are sad

Rain is the gift of God
Rain is the bless of God

Fathima shirin

# DREAMS

Dreams are the part of   life
Without dreams our life is
sad
Dreams make the life
colourful
The colour makes the dreams
the best



Dreams are the light of life
The light makes the dream clear
Dreams are the rain of life
The rain makes the dream happy

Dreams are the joy of life
The joy makes the dreams a prosperous one
Dreams sorrows does not last long
The sorrows make the life meaningful

Jimsha K A
X E

# പൂജ്യ ഹരണം

കുട്ടി : അച്ഛാ അച്ഛാ ചൊല്ലീടൂ
പൂജ്യം കൊണ്ടു ഹരിക്കാനായ്
എന്തേ നമുക്കു കഴിയില്ലേ
എന്നോടൊന്നു ചൊല്ലിത്തരൂ
അച്ഛൻ : അയ്യോ കുഞ്ഞേ അറിയില്ലേ
എന്നാൽ ഇപ്പോൾ കേട്ടോളൂ
ഒന്നിനെ രണ്ടിലൊന്നിനാൽ
ഹരിച്ചാലുത്തരം ചൊന്നിടൂ
കുട്ടി : ചൊല്ലാമെ ഞാൻ ചൊല്ലാമെ
ഉത്തരം രണ്ടായികിട്ടീടും
അച്ഛൻ : ഒന്നിനെ നാലിനൊന്നിനാൽ
ഹരിച്ചാലുത്തരം എന്താകും
കുട്ടി : ഒന്നിനെ നാലാൽ ഹരിച്ചാലോ
ഉത്തരം നാലായി ലഭിക്കില്ലേ
അച്ഛൻ : ഒന്നിനെ പോയന്റൊന്നിനാൽ
ഹരിച്ചാൽ ഉത്തരം ചൊന്നിടൂ
കുട്ടി : പോയന്റൊന്നെന്നാലല്ലോ
പത്തിൽ ഒന്നെന്നല്ലയോ

# ഇതൾ

ഒന്നിനെ പത്തിലൊന്നിനാൽ
ഹരിച്ചാൽ ഉത്തരം ഒമ്പതല്ലോ
അച്ഛൻ : ഹാരകം ഇങ്ങനെ ചെറുതായാൽ
ഹരണ ഫലം അത് വളർന്നീടും
കുട്ടി : ഹാരകം മാത്രം ചെറുതായാൽ
പൂജ്യം വരെ അങ്ങെത്തുകിലോ
ഉത്തരമെങ്ങനെയായീടും
അച്ഛൻ : ഹാരകം ഇങ്ങനെ ചെറുതായി
പൂജ്യം വരെയും ചെറുതായാൽ
പ്രപഞ്ചമാകെ നിറഞ്ഞീടും
കുട്ടി : അനന്തമാകും സംഖ്യ വരും
അനന്തമാകും സംഖ്യയുടെ
പേരും തന്നെ ചൊല്ലീട്ട
അച്ഛൻ തന്നെ തന്നെ ചൊല്ലീട്ടൂ
അച്ഛൻ : ചൊല്ലാമെ ഞാൻ ചൊല്ലാമെ
അനന്തമാകും സംഖ്യകളെ
ഇൻഫിനിറ്റിയെന്നു ചൊല്ലാമേ..

Anal Krishna

# ഗണിത ശാസ്ത്രം ജ്യോതിഷത്തിൽ

അത്ഭുതകരങ്ങളായ പല ഗണിത ശാസ്ത്ര
പ്രത്യേഗതകളുള്ള മാന്ത്രിക ചതുരങ്ങളുണ്ടെങ്കിലും
നമ്മുടെ ജ്യോതിഷത്തിൽ താൽക്കാലിക ഫല
പ്രവചനത്തിനു വേണ്ടി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന
ശ്രീ രാമ ചക്രം എന്ന 4gggg4 മാന്ത്രിക ചതുരമാണ്
ഇന്ന് ഏറ്റവും ലോക പ്രശസ്ഥമായി തീർന്നിട്ടുള്ളത്.
ഇത്തരത്തിലുള്ള ഒരംഗീകാരം ലഭിച്ചത് ഭാരതീയരായ
നാമോരോരുത്തർക്കും അഭിമാനകരം തന്നെ .
ശാസ്ത്രകാരന്മാർ ശ്രീ രാമ ചക്രത്തെ തീവ്രമാന്ത്രിക
ചതുരം (strongly magic square)എന്നാണ്
വിളിക്കുന്നത് .
ജ്യോതിഷത്തിൽ താത്കാലിക ഫലപ്രവചനത്തിനു
വേണ്ടി ഉപയോഗിച്ചു വരുന്ന ശ്രീ രാമ ചക്രത്തിൽ
മുകളിൽ കൊടുത്ത രീതിയിൽ ഒന്നു മുതൽ പതിനാറു
വരെയുള്ള സംഖ്യകൾ വിന്യസിച്ചിരിക്കുന്നു .
ഒരു ചെറിയ കുട്ടിയുടെ കയ്യിൽ ഉത്തമ പുഷ്പങ്ങളിൽ
ഒന്ന് കൊടുത്ത് , ആ പൂവ് കൊണ്ട് ഈ കാണുന്ന

## ഇതൾ

ചക്രത്തിൽ ഏതെങ്കിലും ഒരക്കത്തിൽ തൊടാൻ പറയുന്ന പതിവുണ്ട്. തൊടുന്ന അക്കത്തിൽ ഫലം എന്താണോ ആ ഫലം ഈ പരീക്ഷ ആവിശ്യപ്പെട്ട ആൾക്ക് ഉണ്ടാകുന്ന തത്കാല അനുഭവമാകുന്നു എന്നാണ് വയ്പ്പ്.

### അക്കങ്ങളും ഫലങ്ങളും


| | |
|---|---|
| 1. ശ്രീ രാമൻ -ദ്രവ്യ നഷ്ടം<br>2 . സീത - ദുഃഖാഭിവൃദ്ധി<br>3 . ലക്ഷ്മണൻ - കാര്യ സിദ്ധി<br>4 . വിഭീഷണൻ -ലാഭം<br>5 . കുംഭ കർണ്ണൻ - മരണം<br>6 . രാവണൻ -നാഷം<br>7 .അംഗദൻ - അതികാരസിദ്ധി<br>8 . സുഗ്രീവൻ - ബന്ധു ദർശനം | 9 . ഹനുമാൻ - ജയം<br>10 . ജാംബവാൻ - ദീർഘായുസ്സ്<br>11 .നാരദൻ -കലഹം<br>12 . ഗുഹൻ -സ്നേഹിതദർശനം<br>13 . ബാലി - കല്യാണം<br>14 . ശൂർപ്പണക – കാര്യനാശം<br>15 . കൈകേയി -ദുഃഖാഗമം<br>16 . ഭരതൻ -സർവ്വകാര്യ ലാഭം |

# CINQUAIN POEMS

Mother
Kind, helpful
Caring, loving ,Sharing
Our first teacher of life.......
Lovely

DREAMS
Beautiful, terrible
Talking, dancing, screaming
Like a heaven in the world...........
Nightmares

# ROLE OF GANDHIJI IN FREEDOM STRUGGLE



Mohandas Karamchand Gandhi is a famous freedom struggle fighter. He leads several freedom struggles. He struggled for India's Independence.He fought against the British domination. Gandhiji boycotted all the British products in India. And started manufacturing of soap,clothes and other things we need in our daily life. When British laid a huge tax on salt, he fight against that. The Gandhiji led a march called Dandi March. In Indian History this event is known as salt sathyagraha. He fought for India's Independence and several times British punished and prisoned him. Gandhiji supported the rights of Indians because he is a lawyer and freedom fighter. Gandhiji fight in different manner and he gives

importance to non-violence. Gandhi says to people “Do or Die” that means fought for freedom and rights. He also gives importance to truth and honesty. He injured many times in freedom struggle. He survive it all and continue fighting. During British rule the Indian's life is worse than animals. Indian's do not have right to wear clothes during british rule gandi and his subordinates fight against it and get right to wear clothes . Gand fight against the gueltties of british .gandi fought for truth . Gandhi fought for freedom and agsinst exploitation . The british exploited india . Against these exploitation of gandhi take several steps swadeshi movement is one of that . in swadeshi movement gandhi proclaimed that we should use things made in india . As a result Indian's boycotted the british products . Gandhi adviced to his people to fight for truth in non – violence , we have to fight for freedom with a pen or our words not with a

sword or a spear . After all the struggles the India became independent on august 15 1947 and we celebrated august 15 as independence day . And the famous freedom fighter Gandhi was shoted by Godse on january30 1948 we have to respect and remember and salute him and all other freedom fighters who fought for Indian independence in every breadth we have to thing about the freedom fighters . Our freedom is the result many soul's fighting . In each independence day we have remember all the freedom fighters and pray for them .once again we have remember Gandhi's thought “do or die”

Rinsiya jasmine
VIII A

ഇതൾ

## പുഴയും ഞാനും

എന്തെന്നറിയാതെ എങ്ങോ
ട്ടെന്നില്ലാതൊഴുകുകയാണോ
പെരും നദിയെ ....
വഴിയെല്ലാം മാറി ഗതിയെല്ലാം മാറി
എങ്ങോട്ടെന്നില്ലാതൊഴുകീടുന്നു .
എന്നും വെളുപ്പിനു നേരെ
ത്തു വന്നു ഞാൻ
നിന്നോടൊപ്പമൊഴുും നേരം
കാറ്റാലും തിരയാലും നീ
ഇന്നു വരെ യെന്നെ
കുത്തിനോവിച്ചിട്ടില്ലാത്ത
തു ഞാനിന്ന് ഓർക്കുകയാണ്
പെരും നദിയെ...
മഴ വന്നു നിന്നു പുണരുന്ന
നേരം വിറച്ചു ഞാൻ നിൽ
മരച്ചിൽ നിൽക്കുമ്പോഴും
കാറ്റായ് വന്ന ചുഴികളിൽ



# ഇതൾ

നിന്നും നീസുരക്ഷിതയാ-

യെന്നെ കൊണ്ടു വന്നു .
ഒഴുക്കും കയങ്ങളും നിൻ
മാർച്ചിലുണ്ടെന്നറിഞ്ഞിട്ടും
നിൻ കൂടെ വന്നതല്ലേ ഞാൻ
എന്നിട്ടു നീയെന്തെ ഇന്നിങ്ങ
നെ യെന്നോട് ഒന്നും പറയാതെ
പോയതെന്തെ എന്താണ്

എന്റെ പെരും നദിയെ ?
ഇന്നെനിക്കെന്റെ
വീടുമറിയില്ല
നാടുമറിയില്ല പെരും
നദിയെ



ഓർമയുണ്ടെന്നു മാത്രമെന്റെ
ചിന്തയിൽ
രാത്രിയൊഴുകി വന്നെന്നു
മാത്രം
ഒഴുക്കും കയങ്ങളും

# ഞതൾ

കാറ്റും തിരമാലയും വന്നാൽ
നീ എന്നെ രക്ഷിച്ചതെല്ലേ
പിന്നെ എന്തേ നീ
അന്നു മാത്രമെന്റെ കൈവിട്ടു

എന്നിൽ നിന്നൊഴുകിപ്പോയി ?
നിന്നു കൂടെ ഒഴുകിയ
ഞാനിന്ന് എന്തെന്നറിയാതെ
എവിടെയോ പോയി

എങ്കിലുമെന്നെ നിക്കറിയാ-
മെന്നുള്ളത് നിന്നുടെ തെറ്റല്ല
മാത്രമെന്ന്

അമ്മയെ മരണത്തിലെത്തി-
ക്കുവാനത്രെ നരഭോജികൾ
ഇന്നു നോക്കിടുന്നു

ഈ നരഭോജികൾ കാരണമാ-
ണിന്നു ഞാനും നീയും
പിരിഞ്ഞതെന്ന് ഓർക്കുന്നുണ്ടോ

Thasniya P B

ഇതൾ

## കടപ്പാട്

***ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം നൽകിയ ടീച്ചർക്കും ഒരായിരം***

***നന്ദി..............................***

**എഡിറ്റർ**

# നന്ദി

